## തെളിവ് നല്കാൻ മേനേജ്മെന്റിന് അവസരം നല്കാതെ, പിരിച്ചുവിട്ട തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് ഉത്തരവിട്ടത് തെറ്റായ നടപടി

### അലഹബാദ് ഹൈക്കോടതി

W.C. No. 31147/2019 Dt. 13.11.2019

ഷാംലി ഡിസ്റ്റിലറി ഏന്റ് കെമിക്കൽ വർക്സ്

x

സ്റ്റേറ്റ് ഓഫ് ഉത്തർപ്രദേശ്

പെരുമാറ്റദൂഷ്യം ആരോപിച്ച് മേനേജ്മെന്റ് തൊഴിലാളിക്ക് കാരണം-കാണിക്കൽ നോട്ടീസ് നല്കുകയും അയാളെ സസ്പെന്റ് ചെയ്യുകയും അയാൾക്കെതിരെ ഗാർഹികാന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു. ഗാർഹികാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേനേജ്മെന്റ് തൊഴിലാളിയെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതു സംബന്ധിച്ച് തൊഴിലാളി ഉന്നയിച്ച വ്യവസായ തർക്കം സംസ്ഥാന സർക്കാർ ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. ഗാർഹികാന്വേഷണം കുറ്റമറ്റ രീതിയിലല്ല നടത്തിയതെന്നും തനിക്കെതിരെയുള്ള കുറ്റാരോപണങ്ങൾ തെളിഞ്ഞിട്ടില്ലെന്നും തൊഴിലാളി വാദിച്ചു. സ്വാഭാവിക നീതിയുടെ തത്ത്വങ്ങൾ പാലിച്ചുകൊണ്ടാണ് ഗാർഹികാന്വേഷണം നടത്തിയതെന്നും ഏതെങ്കിലും കാരണവശാൽ ഗാർഹികാന്വേഷണം അസാധുവാണെന്ന് കണ്ടാൽ തെളിവ് നല്കാൻ അവസരം നല്കണമെന്നും മറ്റും മേനേജ്മെന്റ് ലേബർ കോടതി മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഗാർഹികാന്വേഷണം അസാധുവാണെന്ന് പ്രഖ്യാപിച്ച ലേബർ കോടതി തൊഴിലാളിയുടെ പെരുമാറ്റദൂഷ്യം തെളിയിക്കാൻ മേനേജ്മെന്റിന് അവസരം നല്കാതെ തന്നെ തൊഴിലാളിയെ പിരിച്ചുവിട്ടത് റദ്ദാക്കുകയും അയാളെ മുഴുവൻ മുൻകാല വേതനത്തോടെയും അനുബന്ധ ആനുകൂല്യങ്ങളോടെയും തിരിച്ചെടുക്കണമെന്ന് വിധിക്കുകയും ചെയ്തു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. തെളിവ് നല്കാൻ അവസരം നല്കണമെന്ന് മേനേജ്മെന്റ് അസന്നിഗ്ദ്ധമായി ആവശ്യപ്പെട്ടിട്ടും അത് അനുവദിക്കാതെ ഏകപക്ഷീയമായി ഉത്തരവ് പുറപ്പെടുവിച്ചത് തെറ്റും അന്യായവും നിയമവിരുദ്ധവുമാണെന്ന് മേനേജ്മെന്റ് വാദിച്ചു. തെളിവ് നല്കാൻ അവസരം നല്കണമെന്ന് മറുപടി പത്രികയിൽ പ്രതിപാദിച്ചതല്ലാതെ അക്കാര്യം നിർബ്ബന്ധമായും ആവശ്യപ്പെട്ടിട്ടില്ലെന്നും ലേബർ കോടതിയുടെ നടപടി ശരിയാണെന്നും തൊഴിലാളി വാദിച്ചു. ഏതെങ്കിലും കാരണവശാൽ ഗാർഹികാന്വേഷണം അസാധുവാണെന്ന് പ്രഖ്യാപിച്ചാൽ തെളിവ് നല്കാൻ അവസരം വേണമെന്ന് മേനേജ്മെന്റ് വാക്കാലോ രേഖാമൂലമോ ആവശ്യപ്പെട്ടാലും മറുപടി പത്രികയിൽ പ്രതിപാദിച്ചാലും അത് അനുവദിക്കാൻ ലേബർ കോടതി ബാധ്യസ്ഥമാണെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. മറുപടി പത്രികയിൽ പ്രതിപാദിച്ചിട്ടും തെളിവ് നല്കാൻ മേനേജ്മെന്റിന് അവസരം നല്കാതെ തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് വിധിച്ചത് നിയമവിരുദ്ധമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി ലേബർ കോടതിയുടെ വിധി റദ്ദാക്കുകയും കേസ് വീണ്ടും പരിഗണിച്ച് ആറ് മാസത്തിനുള്ളിൽ നിയമാനുസൃതമായ പുതിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ലേബർ കോടതിയോട് നിർദ്ദേശിക്കുകയും ചെയ്തു.